ജനകീയാസൂത്രണത്തിന് ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും സമാഹരിച്ച തുക

15 (15) ശ്രീ. കെ. സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം സംസ്ഥാനത്ത് ആരംഭിച്ചിട്ട് എത്ര വർഷമായി ;

(ബി) ഓരോ വർഷവും ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കുവേണ്ടി ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എന്തു തുക വീതം സമാഹരിക്കണമെന്നായിരുന്നു ഉദ്ദേശിച്ചിരുന്നത്;

(സി) ഇതിൽ എന്തു തുക വീതം സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) പ്രതീക്ഷിച്ചത്ര തുക സമാഹരിക്കാൻ കഴിയാത്തപക്ഷം അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനകീയാസൂത്രണം സംസ്ഥാനത്ത് ആരംഭിച്ചിട്ട് നാലുവർഷങ്ങളായി.

(ബി) 1997-1998 -ൽ 183.35 കോടി രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സമാഹരിക്കണമെന്ന് കണക്കാക്കിയിരുന്നു. 1998-99-ൽ ജനകീയാസൂത്രണത്തിന്റെ മൊത്തം അടങ്കലിന്റെ 5.90 ശതമാനം ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയായി പ്രതീക്ഷിച്ചിരുന്നു. 1999-2000,2000-2001 വാർഷിക പദ്ധതികളുടെ അവലോകനം പൂർത്തിയായിട്ടില്ലാത്തതിനാൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ഉദ്ദേശിക്കുന്ന ധനസഹായം എത്രയാണെന്ന് വ്യക്തമാക്കാൻ കഴിയുകയില്ല.

(സി) അധിക വിഭവ സമാഹരണത്തിന്റെ കണക്ക് പൂർണ്ണമായി ലഭ്യമായിട്ടില്ല.

(ഡി) ആദ്യഘട്ടങ്ങളിൽ, വാണിജ്യ ബാങ്കുകളുടെ നിസ്സഹരണം കാരണം പ്രതീക്ഷിച്ചത്ര തുക സമാഹരിക്കുവാൻ കഴിഞ്ഞിട്ടില്ല.

ജനകീയാസൂത്രണം വഴി പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഉന്നമനം

16 (16) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി വനിതകൾ, യുവാക്കൾ, കുട്ടികൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ എന്നിവരുടെ ഉന്നമനം ലക്ഷ്യമാക്കി എന്തെല്ലാം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) ഇതിന്റെ ഫലമായി ഈ വിഭാഗക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് എന്തെല്ലാം പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ജനകീയാസൂത്രണ പ്രവർത്തന പഥത്തിൽ വന്ന ഓരോ വർഷവും ഈ ഓരോ വിഭാഗത്തിന്റെ ഉന്നമനത്തിനു വേണ്ടി എന്തു തുക നീക്കിവച്ചു ; അതിൽ എന്തു തുക ചെലവായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly